**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3128** **25-06-2024 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ ബോർഡ് നടപ്പാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡ് വഴി നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണ്; വിശദീകരിക്കാമോ; | (എ) | 1) **ശാസ്ത്രക്വിസ്** - വിദ്യാർത്ഥികളിൽ ശാസ്ത്ര - ചരിത്ര ബോധവും യുക്തിചിന്തയും വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി ഹൈസ്കൂൾതല വിദ്യാർത്ഥികൾക്കായി ശാസ്ത്രക്വിസ് സംഘടിപ്പിച്ചു.<br><br>2) **മണിനാദം ജില്ലാതലം മത്സരം** - നാടൻപാട്ട് കലാകാരനായ കലാഭവൻ മണിയുടെ സ്മരണാർത്ഥം നാടൻപാട്ട് ജില്ലാതല മത്സരം സംഘടിപ്പിച്ചു .<br><br>3) **ലഹരിവിരുദ്ധ കലാജാഥ പര്യടനം** - മയക്കുമരുന്നിനെതിരെ യുവതികളുടെ കലാജാഥയുടെ പര്യടനം സംഘടിപ്പിച്ചു.<br><br>4) **ജനസഭ** - ലോക ലഹരിവിരുദ്ധ ദിനമായ ജൂൺ 26 ന് ലഹരിവിരുദ്ധ പ്രതിജ്ഞയും അനുബന്ധ പരിപാടികളും സംഘടിപ്പിച്ചു.<br><br>5) **വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സ്** - വനിത ശാക്തീകരണം ലക്ഷ്യമിട്ട് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അവളിടം ക്ലബ്ബുകളുടെ സഹകരണത്തോടെ, വിവാഹിതരാകുന്ന വനിതകൾക്കായി വിവാഹപൂർവ്വ കൗൺസിലിംഗ് സംഘടിപ്പിച്ചു.<br><br>6) **നീന്തൽ പരിശീലനം** - കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ടീം കേരളയുടെ നേതൃത്വത്തിൽ ദേശാഭിമാനി ക്ലബ്ബുമായി സഹകരിച്ച് നീന്തൽ പരിശീലനം സംഘടിപ്പിച്ചു.<br><br>7) **ജില്ലാ സെവൻസ് ഫുട്ബോൾ ടൂർണമെന്റ്** - കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജില്ലാതല സെവൻസ് ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. |
| (ബി) | നിലവിൽ നടപ്പാക്കിവരുന്ന ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കാമോ; | (ബി) | 1) **ശാസ്ത്രക്വിസ്** - വിദ്യാർത്ഥികളിൽ ശാസ്ത്ര - ചരിത്ര ബോധവും യുക്തിചിന്തയും വളർത്തുക എന്ന |

| | | | |
|---|---|---|---|
| | | | ലക്ഷ്യത്തോട്ടുകൂടി ഹൈസ്കൂൾതല വിദ്യാർത്ഥികൾക്കായി ശാസ്ത്രക്വിസ് സംഘടിപ്പിച്ചു.<br><br>**2) മണിനാദം ജില്ലാതലം മത്സരം** - നാടൻപാട്ട് കലാകാരനായ കലാഭവൻ മണിയുടെ സ്മരണാർത്ഥം നാടൻപാട്ട് ജില്ലാതല മത്സരം സംഘടിപ്പിച്ചു .<br><br>**3) ലഹരിവിരുദ്ധ കലാജാഥ പര്യടനം** - മയക്കുമരുന്നിനെതിരെ യുവതികളുടെ കലാജാഥയുടെ പര്യടനം സംഘടിപ്പിച്ചു.<br><br>**4) ജനസഭ** - ലോക ലഹരിവിരുദ്ധ ദിനമായ ജൂൺ 26 ന് ലഹരിവിരുദ്ധ പ്രതിജ്ഞയും അനുബന്ധ പരിപാടികളും സംഘടിപ്പിച്ചു.<br><br>**5) വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സ്** - വനിത ശാക്തീകരണം ലക്ഷ്യമിട്ട് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അവളിടം ക്ലബ്ബുകളുടെ സഹകരണത്തോടെ, വിവാഹിതരാകുന്ന വനിതകൾക്കായി വിവാഹപൂർവ്വ കൗൺസിലിംഗ് സംഘടിപ്പിച്ചു.<br><br>**6) നീന്തൽ പരിശീലനം** - കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ടീം കേരളയുടെ നേതൃത്വത്തിൽ ദേശാഭിമാനി ക്ലബ്ബുമായി സഹകരിച്ച് നീന്തൽ പരിശീലനം സംഘടിപ്പിച്ചു.<br><br>**7) ജില്ലാ സെവൻസ് ഫുട്ബോൾ ടൂർണമെന്റ്** - കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജില്ലാതല സെവൻസ് ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത മണ്ഡലത്തിൽ യുവജനകാര്യ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികളും പ്രോഗ്രാമുകളും ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | ജനസഭ, അവളിടം ക്ലബ്ബ് - വിവാഹ കൗൺസിലിംഗ്, നീന്തൽ പരിശീലനം, സെവൻസ് ഫുട്ബോൾ മത്സരം, ലഹരിവിരുദ്ധ കലാജാഥാ പരിശീലനം, കേരളോത്സവം, ലോക കപ്പ് ഫുട്ബോൾ, ബിഗ്സ്ക്രീൻ പ്രദർശനവും വിളംബര ജാഥയും, വനിതാ ദിനാചരണം, പരിസ്ഥിതി ദിനാചരണം, യുവശക്തി പദ്ധതി. |
| (ഡി) | സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന് എന്നിവയുടെ വൻതോതിലുള്ള ഉപയോഗവും കുറ്റകൃത്യങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനായും യുവജനങ്ങളെ ബോധവത്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന് എന്നിവയുടെ വൻതോതിലുള്ള ഉപയോഗവും, കുറ്റകൃത്യങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനായും യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ അവളിടം വനിതാ ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ കലാജാഥ സംഘടിപ്പിച്ചു. ഇക്കാര്യത്തിൽ യുവാക്കളായ സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മ രൂപീകരിച്ച് കേളേജുകൾ, മറ്റ് |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ തുടങ്ങി യുവജന പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ